# പള്ളികഥകൾ

## മിനികഥകൾ എഴുപത്തിരണ്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ കർമ്മനക്കാരൻ ഒരച്ചന്റെ കഥയാണിപ്പോൾ പറയാൻ പോകുന്നത്. അമേരിക്കയിലെ ഒരു പള്ളിയിൽ നടന്ന കഥയാണിത്. മീഖായേൽ അച്ചന്റെ കഥയാണിത്.

# കർശനക്കാരൻ

മീഖായേൽ പതിനഞ്ചു വർഷം ഇന്ത്യൻ ആർമിയിൽ ജോലി ചെയ്തു. പെൻഷനോടുകൂടെ റിട്ടയർ ചെയ്ത മീഖായേൽ ഇനിയെന്തു ചെയ്യണമെന്നറിയാതെ കഴിഞ്ഞിരുന്ന കാലം. അവരുടെ ഭദ്രാസന മെത്രാച്ചൻ അവരുടെ പള്ളിയിൽ വന്നു. ആരാധനയിൽ മുഴുവൻ നല്ല മുഴങ്ങുന്ന ഒരു ശബ്ദം കേട്ടു. അദ്ദേഹം അത് പ്രത്യേകം ശ്രദ്ധിച്ചു. ആ ശബ്ദത്തിനുടമയാരാണെന്ന് ആരാധനയ്ക്കു ശേഷം അദ്ദേഹം വികാരിയച്ചനോടാരാഞ്ഞു. കൂടാതെ അയാളെക്കുറിച്ചുള്ള വിശദമായ വിവരങ്ങളും മനസ്സിലാക്കി.

ആരാധനയ്ക്കു ശേഷം അദ്ദേഹം മീഖായേലിനെ വിളിപ്പിച്ചു. കൂടാതെ അയാളുടെ ഭവനത്തിലുമെത്തി. മീഖായേലിന്റെ ഭാര്യയേയും മക്കളേയും കണ്ടു. വളരെ വൃത്തിയുള്ള ഒരു വീട്. എല്ലാം വളരെ അടുക്കിലും ചിട്ടയിലും ഉള്ള ജീവിതം. മക്കളും വളരെ ചിട്ടയിൽ ഉള്ളവർ. ഭാര്യ നേഴ്സായി വളരെ അടുത്തുള്ള ആശുപത്രിയിൽ ജോലി ചെയ്യുന്നു. കൂടാതെ കൃഷിയും കാര്യങ്ങളുമായി യാതൊരു പ്രയാസങ്ങളും കൂടാതെ സന്തോഷമായി കഴിയുന്ന ഒരു കുടുംബം. എല്ലാറ്റിലും ഉപരി നല്ല പ്രാർത്ഥനയിലും ഭക്തിയിലും ജീവിക്കുന്ന ഒരു കുടുംബം. മെത്രാച്ചന് വളരെ തൃപ്തിയായി. അദ്ദേഹം മീഖായേലിനോട് ചോദിച്ചു: ഒരച്ചനാകാൻ താല്പര്യമുണ്ടോ? താല്പര്യമുണ്ട്, എന്നാൽ അതിനു യോഗ്യനല്ലല്ലോയെന്നായി മറുപടി. ആ ഉത്തരം അദ്ദേഹത്തെ വളരെ സന്തോഷിപ്പിച്ചു. അദ്ദേഹത്തിന്റെ ശുപാർശയിൽ മീഖായേലിന് സിമിനാരിയിൽ പ്രവേശനം കിട്ടി പ്രാരംഭ പരീക്ഷകളെല്ലാം അയാൾ മിടുക്കനായി പാസായി. ആ ബാച്ചിലെ സിമിനാരിയിലെ ഏറ്റവും പ്രായം കൂടിയ സിമിനാരിയൻ ആയി.

സിമിനാരിയ്ക്കു വളരെ അടുത്തായിരുന്നു അയാളുടെ വീട്. തന്മൂലം വീട്ടിൽ നിന്ന് താമസിച്ച് പഠിക്കാൻ പ്രത്യേക അനുവാദവും കിട്ടി. മിക്കവാറും എല്ലാ ദിവസവും അതിരാവിലെ തന്നെ വീട്ടിൽ നിന്നും പോയാൽ രാത്രി വളരെ വൈകിയേ അയാൾക്ക് വീട്ടിൽ മടങ്ങിയെത്താൻ കഴിയത്തുള്ളായിരുന്നു. അയാളുടെ അമ്മയും അവരുടെ കൂടെയുണ്ടായിരുന്നതിനാൽ വീട്ടിലെ കാര്യങ്ങൾ എല്ലാം ഭംഗിയായി നടക്കുമായിരുന്നു. സ്വന്തമായി സ്ക്കൂട്ടർ ഉണ്ടായിരുന്നതിനാൽ യാത്രയ്ക്കു പ്രയാസമില്ല.

ആറടി പൊക്കവും അതിനു തക്ക നെഞ്ചു വിരിവുമുള്ള അയാൾ സുന്ദരനായിരുന്നു. ഭാര്യ കുസുമത്തിനും ഏകദേശം അയാളോളവും പൊക്കമുണ്ടായിരുന്നു. വെളുത്തു മെല്ലിച്ച അവർ സുന്ദരിയായിരുന്നു. മീഖായേൽ എന്നെങ്കിലും ഒരച്ചനാകുമ്പോൾ ആ പള്ളിക്കാരുടെ മാത്രമല്ല നാട്ടുകാരുടെ മുഴുവൻ കൊച്ചമ്മയായി തീരുമല്ലോ എന്ന പ്രതീക്ഷയും അവർക്കുണ്ടായിരുന്നു.

സെമിനാരിയിലെ ജീവിതം വളരെ കഷ്ടത നിറഞ്ഞതായിരുന്നെങ്കിലും എല്ലാ രാത്രിയിലും വീട്ടിൽ കഴിയാമെന്നതും ഭാര്യയുടെ സാന്ത്വന വാക്കുകൾ കേൾക്കാമെന്നതും വളരെ സന്തോഷകരമായിരുന്നു അയാൾക്ക്. പട്ടാളത്തിലെ കഷ്ടപ്പെട്ട ജീവിതം തുലനം ചെയ്യുമ്പോൾ ഇത് വളരെ സന്തോഷകരമായി തോന്നി.

പട്ടാളത്തിൽ ക്ലാർക്കായി ജോലി ചെയ്ത മീഖായേലിന് ഇംഗ്ലീഷും മലയാളവും ഹിന്ദിയും എല്ലാം നല്ല വിധം കൈകാര്യം ചെയ്യാനുള്ള കഴിവുണ്ടായിരുന്നു. കൂടാതെ അയാൾ നല്ലൊരു പ്രാസംഗികൻ കൂടിയായിരുന്നു. സെമിനാരിയൻ ആയ കാലത്ത് മിക്കവാറും എല്ലാ ആരാധനകളിലും സമീപത്തുള്ള പള്ളികളിലെല്ലാം വചന ശുശ്രൂഷ ചെയ്യാനുള്ള ഭാഗ്യവും കിട്ടി. സെമിനാരിയൻ മീഖായേൽ ശെമ്മാശ്ശനായപ്പോൾ ഒന്നു കൂടെ തിളങ്ങി. പല സെമിനാരിയന്മാരും, സെമിനാരിയൻ ആയപ്പോൾ താടി വളർത്തിയെങ്കിൽ മറ്റു ചിലർ ശെമ്മാശ്ശനായപ്പോൾ താടി വളർത്തി കേമത്തരം കാണിച്ചു. ഈ വക വികൃത്തരത്തിനൊന്നുംമീഖായേൽതയാറല്ലായിരുന്നു. വളരെ പക്വത വന്ന സ്വഭാവക്കാരനായിരുന്നു അയാൾ. പൂർണ്ണ ശെമ്മാശ്ശനാകുമ്പോഴെങ്കിലും അയാൾ താടി വെയ്ക്കുമെന്ന് പലരും പ്രതീക്ഷിച്ചെങ്കിലും അയാൾ എന്നും വൃത്തിയായി ഷേവു ചെയ്യുമായിരുന്നു. അച്ചനായി പട്ടമേറ്റപ്പോൾ എല്ലാവരും പ്രതീക്ഷിച്ചതുപോലെ ഭദ്രാസന മെത്രാപ്പോലീത്ത അല്ലായിരുന്നു ആ ചടങ്ങിന് അവിടെ എത്തിയത്; അദ്ദേഹം ശുപാർശ ചെയ്ത ബാവാ തിരുമേനി ആയിരുന്നു എത്തിയത്. കൂടാതെ മീഖായേലിന്റെ കൂടെ പല സ്ഥലങ്ങളിലും ഉണ്ടായിരുന്ന നാനാജാതിമത ഭാഷക്കാരും കൂടാതെ പ്രാന്തപ്രദേശങ്ങളിലുണ്ടായിരുന്ന എല്ലാ അച്ചന്മാരും എത്തി. ആ പ്രദേശത്തെ ഒരു വലിയ ഉത്സമായിരുന്നു അത്. അതൊരു ശനിയാഴ്ച ആയിരുന്നു. പിറ്റെ ദിവസം ഞായറാഴ്ച മീഖായേലച്ചൻ വിശുദ്ധ കുർബ്ബാന ചൊല്ലി. ഉടനൊയൊന്നും മീഖേയേൽ അച്ചൻ ഒരു പള്ളിയുടേയും വികാരി സ്ഥാനം എടുത്തില്ല. പകരം പല വല്ല്യ അച്ചന്മാരുടെ കൂടെ പോയി നിന്ന് കൂടുതൽ കൂടുതൽ പഠിച്ച് സഭയുടെ എല്ലാ ആരാധനകളും തനിയെ ചെയ്യാമെന്ന നിലയിലെത്തി.

ആയിടയ്ക്ക് അമേരിക്കയിലേക്ക് നേഴ്സുമാരെ അയച്ചുകൊണ്ടിരുന്ന സമയമായിരുന്നു. കുസമം വളരെ വർഷങ്ങൾക്കു മുമ്പു തന്നെ പരിശ്രമിച്ചിരുന്നതിന്റെ ഫലമായി അതിനുള്ള ക്ഷണം കിട്ടി. അപ്പോഴേക്കും മീഖായേൽ അച്ചൻ പട്ടമേറ്റിട്ട് രണ്ടു വർഷമായി. അദ്ദേഹം എവിടെ നിന്നും പണമൊന്നും വാങ്ങിയില്ല പണത്തിനോട് അദ്ദേഹത്തിന് ആർത്തിയില്ലായിരുന്നു. പട്ടാളത്തിലെ പെൻഷൻ കിട്ടും; ഭാര്യയുടെ ശമ്പളം കൂടാതെ പുരയിടത്തിലെ വരുമാനം ഇതെല്ലാം അദ്ദേഹത്തിന് ധാരാളമായിരുന്നു.

കുസുമം അമേരിക്കയിൽ പോയി ഏകദേശം എട്ടു മാസമായപ്പോഴേക്കും അച്ചനും മക്കൾക്കും അമേരിക്കയിൽ എത്തിച്ചേരാൻ സാധിച്ചു. അവർ താമസിച്ച സ്ഥലത്തെ പള്ളിയിൽ ഒരു വികാരിയച്ചനുണ്ടായിരുന്നതിന്റെ കൂടെ അസിസ്റ്റന്റ് വികാരി ആയി സേവനം അനുഷ്ഠിച്ചു. അക്കാലത്ത് അമേരിക്കയിൽ അച്ചന്മാർ വളരെ ചുരുക്കമായിരുന്നു. അവിടെ ഏകദേശം രണ്ടു വർഷം കഴിഞ്ഞപ്പോൾ ഭദ്രാസന മെത്രാച്ചന്റെ നിർബന്ധം മൂലം വേറൊരു സ്ഥലത്തെ വികാരിയായി ചുമതലയേറ്റു മീഖായേൽ അച്ചൻ. താമസിയാതെ തന്നെ കുടുംബം മുഴുവനും അവിടെയെത്തി. ഉടനെ തന്നെ കുസുമത്തിന് അവിടെ ജോലി ആയി.

മീഖായേൽ അച്ചൻ വളരെ കർശനക്കാരനായിരുന്നു. കാലത്ത് നമസ്ക്കാരം തുടങ്ങുമ്പോൾ തന്നെ ഇടവകക്കാരെല്ലാം പള്ളിയിൽ എത്തിയിരിക്കണം. എല്ലാ ബുധനാഴ്ചയും ശനിയാഴ്ചയും സന്ധ്യാനമസ്ക്കാരത്തിന് മിക്കവാറും എല്ലാവരും തന്നെ ഉണ്ടായിരിക്കണം. കുളിച്ച് ശുഭ്രവസ്ത്രധാരികളായ് വേണം ആരാധനകളിലെല്ലാം വിശ്വാസികൾ ഭാഗഭാക്കുകളാകേണ്ടത്.

എല്ലാ കാനോനിക നോമ്പുകളും ഇടവകാംഗങ്ങൾ എല്ലാവരും നോറ്റിരിക്കണം. ആണ്ടു കുമ്പസാരം നിബന്ധം. എല്ലാ മാസത്തിലും ഒരു കമ്മിറ്റി മീറ്റിംഗ്. അദ്ധവാഷിക പൊതുയോഗം, വാഷിക പൊതുയോഗം ഇവ നിബന്ധം. ശുശ്രൂഷക്കാർ നമസ്ക്കാരം തുടങ്ങുമ്പോൾ തന്നെ പള്ളിയിൽ ഉണ്ടായിരിക്കണം. എല്ലാ ശുശ്രൂഷക്കാരും വിശുദ്ധ കുബ്ബാന എല്ലാ ആരാധനാ ദിവസങ്ങളിലും അനുഭവിച്ചിരിക്കണം. എല്ലാ കുബ്ബാന ദിവസങ്ങളിലും നമസ്ക്കാരത്തിന് ശേഷം ഒറ്റ ഹൂസോയോ മാത്രമേ ഉള്ളു. വിശുദ്ധ കുബ്ബാന അനുഭവിക്കേണ്ടവർ അപ്പോൾ വന്ന് ഹൂസോയോ പ്രാപിച്ചിരിക്കണം. ഞായറാഴ്ച വിശുദ്ധ കുബ്ബാനയിൽ ശുശ്രൂഷക്കാരായവർ തീച്ചയായും ശനിയാഴ്ച സന്ധ്യാനമസ്ക്കാരത്തിന് വന്നിരിക്കണം. അവസാനം ഈ ശുശ്രൂഷക്കാരെല്ലാം മുണ്ടുടുക്കാതെ പാന്റിട്ടു വേണം വരേണ്ടത് എന്നു വെരെയായി. അച്ചൻ പറയുന്നതെല്ലാം ശരിയാണ് പക്ഷേ ഇത് അമേരിക്കയാണ് ഇവിടെ ഇതെല്ലാം നടപ്പിലാക്കാൻ പ്രയാസമാണെന്ന് പലരും പറഞ്ഞു നോക്കി. പല പ്രായമുള്ളവരും അച്ചനെ ഉപദേശിച്ചു നോക്കി. ഒരു രക്ഷയുമില്ലെന്നായി. അവസാനം അവർ ഭദ്രാസന മെത്രാച്ചനെ വിവരം അറിയിച്ചു.

അന്ന് അമേരിക്കയിലെ ഓത്തഡോക്സ്കാക്കെല്ലാം കൂടെ ആകെ ഒരു മെത്രാച്ചനേ ഉണ്ടായിരുന്നുള്ളു. ഇടവക്കാരുടെ സങ്കടം അദ്ദേഹം കേട്ടു. ഇത്രയും കശനക്കാരൻ ഒരച്ചനെ ഞങ്ങൾക്ക വേണ്ട; ഇടവകക്കാർ ഒന്നടങ്കം തീത്തു പറഞ്ഞു.

ആയിടയ്ക്ക് അടുത്തുള്ള പട്ടണത്തിൽ കഴിഞ്ഞ ഏകദേശം ആറു വഷമായി നടന്നു വന്നിരുന്ന ഒരു വലിയ ഇടവകയിൽ പൊട്ടിത്തെറിയുണ്ടായി ഇടവക രണ്ടായി. ഏകദേശം നൂറ് കുടുംബംഗങ്ങൾ ഉണ്ടായിരുന്നവരിൽ മുപ്പതു കുടുംബംഗങ്ങൾ മാറിയെങ്കിലും പുത്തൻ ഇടവകയായപ്പോൾ ഇരുപത്തഞ്ചു പേർ മാത്രമേ അവസാന നിമിഷത്തിൽ മാറിയുള്ളു. അവർ ആദ്യമായി ഒരു വാടക പള്ളിയിൽ ആരാധന തുടങ്ങി. എന്നാൽ കേവലം ഒരു വഷം കൊണ്ട് പുതിയ ഒരു സ്ഥലം വാങ്ങി അവിടെ ഉണ്ടായിരുന്ന കെട്ടിടത്തെ പള്ളിയാക്കി രൂപാന്തരപ്പെടുത്തി ആരാധന തുടങ്ങി. അവക്ക് ഒരച്ചനെ കൊടുത്തെങ്കിലും പുത്തനായി തുടങ്ങിയ പള്ളിക്കാക്ക് സാമ്പത്തിക ഭദ്രത കുറവായിരുന്നതിനാൽ അച്ചന് നല്ല ശമ്പളം കൊടുക്കാൻ കഴിയാതെ വന്നത് അദ്ദേഹത്തിന് വളരെ പ്രയാസം ആയി. അച്ചന് മാന്യമായ ഒരു ശമ്പളം കൊടുക്കാൻ കഴിഞ്ഞില്ലങ്കിലും ചെലവിനുള്ള വക പോലും നൽകാൻ ഇടവകക്കാക്ക് കഴിയാതെ വന്നു. അദ്ദേഹം ആ ഇടവകയിൽ സേവനം അനുഷ്ഠിക്കാൻ തുടങ്ങിയിട്ട് ഇപ്പോൾ മൂന്നു വഷമായി. അദ്ദേഹം പറയുന്നത് ന്യായമായ ഒരു കാര്യമാണ്. എന്നാൽ വിശ്വാസികൾ പറയുന്നതും ന്യായമായ കാര്യമാണ്. ഇരുപത്തഞ്ചു കുടുംബങ്ങളുമായി തുടങ്ങിയ ഇടവകയിൽ ഇപ്പോൾ കേവലം ഇരുപതു കുടുംബങ്ങൾ മാത്രമേയുള്ളു. അവരിൽ മിക്ക കുടുംബങ്ങളിലും പുരുഷന്മാക്ക് ജോലിയില്ല. ഉള്ളവർ തന്നെ കമ്പിനി പണിക്കാരായി അല്പ വരുമാനക്കാരാണ്. ഈ അവസ്ഥയിൽ ഇടവക വല്ലാത്ത ഒരവസ്ഥയിലായി.

നമ്മുടെ മീഖായേൽ അച്ചൻ സുന്ദരൻ, ശ്രുതിമധുരമായ വിശുദ്ധ കുബ്ബാന ശമ്പളമൊന്നുമില്ലേലും കുഴപ്പമില്ല. സഭയുടെ എല്ലാ ആരാധനകളും വളരെ ഭംഗിയോടെ ചെയ്യും. സിമിനാരിയിലെ അല്പമായ സുറിയാനിയെ വശമുള്ളെങ്കിലും വിശുദ്ധ കുബ്ബാനയിൽ അവിടവിടെ സുറിയാനി ചൊല്ലും. നല്ല പ്രാത്ഥനയും ഭക്തിയുമുണ്ട്; എല്ലാം കൊണ്ടും ഈ ഇടവകയ്ക്ക് പരമ യോഗ്യൻ. പക്ഷേ ഭയങ്കര കശനക്കാരനാണ്. ജനങ്ങൾ സമ്മതിച്ചു. ഈ അച്ചന്മാരെ പരസ്പരം സ്ഥലം മാറ്റി. രണ്ട് ഇടവകക്കാക്കും വലിയ സന്തോഷം. മീഖായേൽ അച്ചന് കൊച്ച് ഇടവക വളരെ ഇഷ്ടപ്പെട്ടു. മറ്റെ അച്ചന് കൈനിറയെ ശമ്പളം കൊടുക്കുന്ന വലിയ ഇടവക വളരെ ഇഷ്ടപ്പെട്ടു. കൂടാതെ കിമ്പളവും ധാരാളം. ദൈവം എന്റെ പ്രാത്ഥന കേട്ടു എന്നു പറഞ്ഞു. പിന്നെ മനസ്സിലായി അവിടെ മിക്കവാറും എല്ലാ ദിവസവും വിശുദ്ധ കുബ്ബാന ചൊല്ലണം.

മീഖായേലച്ചന്റെ ഭാര്യ കുസുമം കൊച്ചമ്മയ്ക്ക് പുതിയ സ്ഥലത്ത് പള്ളിയ്ക്ക് വളരെ അടുത്തുള്ള ആശുപത്രിയിൽ ജോലി കിട്ടി. മക്കൾക്കും വളരെ അടുത്തായി തന്നെ പള്ളിക്കൂടവും എല്ലാം ആയി. വിശ്വാസികളും അച്ചനും എല്ലാം വളരെ സന്തോഷം. മീഖായേൽ അച്ചന്റെ ഭക്തി നിഭരമായ ശ്രുതി മനോഹരമായ വിശുദ്ധ കുബ്ബാനയും മനോഹരമായ വചന ശുശ്രൂഷകളും എല്ലാം വിശ്വാസികളെ പുളകം കൊള്ളിച്ചു. ശമ്പളം എന്തെങ്കിലും കൊടുത്താലും ഇല്ലങ്കിലും മീഖായേൽഅച്ചന് യാതൊരു പരാതിയുമില്ല. അച്ചന്റെ കശന നിലപാട് വിശ്വാസികൾക്കെല്ലാം വളരെ ഇഷ്ടമായി. ഇങ്ങിനെയുള്ള ഒരച്ചനെയാണ് ഞങ്ങൾ ഇത്രയും കാലം നോക്കികൊണ്ടിരുന്നതെന്ന് പലരും പറയാൻ തുടങ്ങി.

അതിനിടയിൽ ഒരു ഞായറാഴ്ച മിഖായേൽ അച്ചൻ വചന ശുശ്രൂഷ ചെയ്യുമ്പോൾ ഒരു സ്ത്രീയുടെ തലയിൽ നിന്നും സാരി വഴുതി താഴെപ്പോയി. അച്ചന്റെ പ്രസംഗത്തിൽ സന്തോഷിച്ച് ഇരിക്കുന്നതിനിടയിൽ അവർ അതറിഞ്ഞില്ല. അച്ചൻ അവരെ വഴക്കു പറഞ്ഞു. കൂടാതെ പരസ്യമായി പറഞ്ഞു: ആരും പള്ളിയിൽ അശ്രദ്ധമായി ഇരിക്കരുത്.

കേട്ടതുപാതി കേൾക്കാത്തതു പാതി, ആ സ്ത്രീ, കുഞ്ഞന്നമ്മ ചാടി എഴുന്നേറ്റ് അച്ചായാ വാ എന്നു പറഞ്ഞ്, ഭത്താവിനേയും വിളിച്ച് വീട്ടിൽ പോയി. അതിനു പുറകെ വാലെ വാലെയായി അഞ്ചു കുടുംബങ്ങൾ, അവരുടെ നാല് അനുജത്തിമാരും ഇളയ ആങ്ങളയും ഉൾപ്പെടെ കുഞ്ഞു കുട്ട്യാദികളെല്ലാം കൂടെ അവരുടെ വീട്ടിൽ പോയി. ആകെ ഇരുപതു കുടുംബങ്ങൾ ഉള്ളതിൽ ആറ് കുടുംബം ഒറ്റയടിക്കു പോയാൽ ഉള്ള ഭവിഷ്യത്ത് അറിയാമല്ലോ. കുഞ്ഞന്നാമ്മ സ്പോൺസർ ചെയ്ത് പ്ലയിൻ ടിക്കറ്റും കൊടുത്ത് വീട്ടിൽ താമസിപ്പിച്ച് ജോലിയും വാങ്ങിച്ചു കൊടുത്ത കുടുംബഗങ്ങളാണത്. അതിന്റെ നന്ദി അവക്ക് എപ്പോഴും ഉണ്ട്. അവരുടെ അമ്മാമ്മയുടെ കണ്ണിൽ നിന്ന് ഒരു തുള്ളി വീണാൽ അവരുടെയെല്ലാം ജീവൻ പോകും. ആ ഇടവക പള്ളിയിലെ ഏറ്റവും വലിയ ധനാഢ്യരെന്നതിൽ കൂടുതലായി പള്ളിക്ക് എപ്പോൾ വേണമെങ്കിലും എന്തും കൊടുക്കാൻ തയാറായിട്ടുള്ളവരാണവർ. ഈ വിവരം മീഖായേൽ അച്ചനറിയത്തില്ലായിരുന്നു.

പള്ളി പിരിഞ്ഞ ഉടനെ തന്നെ അച്ചൻ കുടുംബ സമേതം കുഞ്ഞന്നാമ്മയുടെ വീട്ടിൽ എത്തി ക്ഷമചോദിച്ചെന്നല്ല അവരുടെ കാലു പിടിച്ച് ക്ഷമചോദിച്ചു; പ്രശ്നം തീത്തു.

രണ്ടു ഞായറാഴ്ച കഴിഞ്ഞ് കാലത്ത് ആരാധനയ്ക്കു വന്നപ്പോൾ ശുശ്രൂഷക്കാരോട് മുണ്ട് ഉടുത്ത വന്നവരാരും ഒരിക്കലും ശുശ്രൂഷക്കാരായി മദ്ബഹായിൽ കയറാൻ പാടില്ല, മീഖായേൽ അച്ചൻ കല്പിച്ചു. നമ്മുടെ കുഞ്ഞന്നാമ്മയുടേയും സഹോദരങ്ങളുടേയും മക്കളായിരുന്നു അന്ന് മുണ്ടു് ഉടുത്ത് വന്നത്. അവരെയെല്ലാം അച്ചൻ പുറത്താക്കി. അന്നവർ പള്ളിയിലെ ആരാധനയ്ക്കും നിൽക്കാതെ പോയി. അടുത്ത ഞായറാഴ്ച പള്ളിയിൽ ഒറ്റ ശുശ്രൂഷക്കാരില്ല. മീഖേയേൽഅച്ചൻ തന്നെനമസ്ക്കാരം മുഴുവൻ ചൊല്ലി തീത്തു. എന്നിട്ടും ഒരു ശുശ്രൂഷക്കാരൻ പോലും വന്നില്ല.സഭയുടെ രീതി അനുസരിച്ച് ഒരു പട്ടക്കാരനും ഒരു ശുശ്രൂഷ

ക്കാരനും ഒരാത്മീയനും ഉണ്ടെങ്കിൽ മാത്രമേ വിശുദ്ധ കുർബ്ബാന അർപ്പിക്കാൻ പാടുള്ളൂ എന്ന് കാനോനിക നിയമം ഉണ്ട്. നമസ്ക്കാരം തീരാറായിട്ടും ഒരൊറ്റ ശുശ്രൂഷക്കാരനും വന്നിട്ടില്ല. അച്ചൻ ഇടയ്ക്ക് നിർത്തിയിട്ട് പരസ്യമായി അവിടെ ഉണ്ടായിരുന്ന എല്ലാവരോടുമായി ചോദിച്ചു: നിങ്ങളിൽ ആരെങ്കിലും ശുശ്രൂഷക്കാരനായി മദ്ബഹായിൽ പ്രവേശിച്ച് ശുശ്രൂഷിക്കാൻ തയാറാണോ. ആരും മുന്നോട്ട് വന്നില്ല. അവസാനം അച്ചൻ നമസ്ക്കാരം മുഴുവൻ തീർത്തിട്ട് വിശ്വാസപ്രമാണവും ചൊല്ലിയശേഷം എല്ലാവരേയും അവിടെ ഇരുത്തി ഒരു അടിയന്തിര പൊതുയോഗം കൂടി. പള്ളിയിൽ എല്ലാം ആറ് ശുശ്രൂഷക്കാർ ഉള്ളത് ആരും വരാതിരുന്നാൽ തുടർന്ന് വിശുദ്ധ കുർബ്ബാന തുടർന്ന് നടത്തി കൊണ്ടു പോകാൻ പറ്റുകയില്ല. അതുകൊണ്ട് ഈ പള്ളിയിലെ പ്രായമായ ആരെങ്കിലും കൂടെ താൽക്കാലികമായി ശുശ്രൂഷകനായി അച്ചന്റെ അടുക്കൽ നിന്ന് കൈവെയ്പ്പ് വാങ്ങി പിന്നീട് അത് ഏതെങ്കിലും മെത്രാച്ചൻ വരുമ്പോൾ അത് സ്ഥിരീകരിച്ചാൽ മതി. പക്ഷേ ഇടവകയിലെ ആരും അതിന് തയ്യാറല്ല. കൂട്ടത്തിൽ ആരോ പറഞ്ഞു: അമേരിക്കയിൽ ജനിച്ചു വളർന്ന മക്കളോട് പട്ടാളരീതിയിലുള്ള കർശന രീതികൾ കാണിച്ചാൽ അവരാരും വകവെക്കത്തില്ല. അച്ചൻ അവരോട് മുണ്ട് ഉടുത്ത് ശുശ്രൂഷക്കാരനായി മദ്ബഹായിൽ കയറണ്ടാ എന്നു പറഞ്ഞാൽ ഈ കുഞ്ഞുങ്ങളാരും വക വെയ്ക്കാൻപോകുന്നില്ല. മീഖായേൽ അച്ചന് രണ്ടു മക്കൾ ഉള്ളത് രണ്ടും പെൺകുട്ടികളുമായിരുന്നു.

അന്ന് വീട്ടിൽ ചെന്നപ്പോൾ മുതൽ കുസുമം കൊച്ചമ്മ അച്ചനെയിട്ട് പൊരിച്ചു കളഞ്ഞു: “എന്നുമെന്നും ഈ കുഞ്ഞുങ്ങളേയും സാധനങ്ങളും പൊതിഞ്ഞ് ഈ അമേരിക്ക മുഴുവനും അലഞ്ഞു നടക്കാൻ എന്നെ കിട്ടത്തില്ല. ആരേം കൊണപ്പെടുത്താതെ അവനവന്റെ കാര്യം നോക്കി ജീവിക്കാൻ പഠിക്ക്. കാൽക്കാസിനു ഉപകാരമില്ല. എങ്ങിനെയെങ്കിലും ജീവിക്കാൻ സമ്മതിക്ക്. മീഖായേൽ അച്ചന്റെ ചങ്കിൽ ഏറ്റ മുറിവായി. അടുത്ത ഒരാഴ്ച മുഴുവനും ആ പള്ളിയിലെ ശുശ്രൂഷകരായിരുന്ന എല്ലാ കുഞ്ഞുങ്ങളുടേയും വീട്ടിൽ ചെന്ന് അവരുടെയെല്ലാം കാലു പിടിച്ച് ക്ഷമചോദിച്ചു.

ഏറ്റവും ആദ്യം പോയത് കുഞ്ഞന്നാമ്മയുടെ വീട്ടിൽ അവർ ഇല്ലാതിരുന്ന സമയം നോക്കി അവരുടെ മകനെ കൂടെയാക്കി. കുഞ്ഞന്നാമ്മ ഈ വിവരം അറിഞ്ഞില്ല. അറിഞ്ഞിരുന്നെങ്കിൽ സംഗതി ആകെ പ്രശ്നമായി തീരുമായിരുന്നു. അതിനോടു കൂടി മീഖായേൽ അച്ചന്റെ ശൗര്യം കുറഞ്ഞ മട്ടായി. പിന്നീട് അച്ചൻ സമാധാനമായി അമേരിക്കയിൽ ജീവിക്കാൻ പഠിക്കാൻ തുടങ്ങി. ഇപ്പോൾ മിഖേയേൽ അച്ചന് യാതൊരു വിധത്തിലുള്ള കർശനവും ആരോടുമില്ലാതെയായി. ഇപ്പോൾ ജനിച്ചു വീഴുന്ന കുഞ്ഞു പോലും അദ്ദേഹത്തിന്റെ മുമ്പിൽ കരഞ്ഞാൽ അദ്ദേഹം ജീവനും കൊണ്ടോട്ടമായി.